റാന്നിയിൽ ഡി.വൈ.എസ്.പി. ഓഫീസ് തുടങ്ങാൻ നടപടി

39 [5182] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ പോലീസ് വകുപ്പിന്റെ ഏത് സബ്ഡിവിഷനിലാണ് ഉൾപ്പെടുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൊച്ചുപമ്പ, ഗവി, മൂഴിയാർ, താങ്ങമൂഴി, സീതത്തോട് എന്നീ പ്രദേശങ്ങളിൽ നിന്നും തിരുവല്ലയിലേക്ക് എത്ര കി.മീ. ദൂരം വീതമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റാന്നി കേന്ദ്രമാക്കി ഇപ്പോൾ ഡി.വൈ.എസ്.പി. ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) റാന്നിയിൽ ഒരു ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട സബ്ഡിവിഷനിലാണ് ഉൾപ്പെടുന്നത്.

(ബി)

കൊച്ചുപമ്പ	..	121 കി. മീ.
ഗവി	..	125 കി. മീ.
മൂഴിയാർ	..	90 കി. മീ.
സീതത്തോട്	..	66 കി. മീ.
താങ്ങമൂഴി	..	74 കി. മീ.

(സി) റാന്നി കേന്ദ്രമായി ഡി.വൈ.എസ്.പി. ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പാരിപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണം

40 [5183] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായോ;

(ബി) എങ്കിൽ എന്ന് ഉദ്ഘാടനം നടത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പാരിപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പഞ്ചായത്തിൽനിന്നും കെട്ടിടത്തിന് നമ്പറിന് അപേക്ഷിച്ചിട്ടുണ്ട്. നമ്പർ അനുവദിച്ചു കിട്ടിയശേഷം വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly